**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2347** **12-10-2021 - ൽ മറുപടിയ്ക്ക്**

**മുരിക്കുംവയൽ ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂൾ കെട്ടിടത്തിന് സംരക്ഷണഭിത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന മുരിക്കുംവയൽ ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂൾ കെട്ടിടത്തോടനുബന്ധിച്ച് സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | സ്കൂൾ കെട്ടിടത്തിനോട് ചേർന്ന് ഏകദേശം 25 അടി ഉയരവും 35 മീറ്റർ നീളവും ഉള്ള അപകടകരമായ സ്ഥിതിയിൽ ഉയർന്നുനിൽക്കുന്ന മൺതിട്ട കുട്ടികളുടെ ജീവന് ഭീഷണിയാകുമെന്നതിനാൽ കെട്ടിട നിർമ്മാണത്തോടനുബന്ധിച്ച് സംരക്ഷണഭിത്തികൂടി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ഈ വിഭാഗത്തിൽ സ്കൂളുകളുടെ ധനസഹായം 5 കോടി രൂപ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ തുകക്കുള്ള പ്രവൃത്തി പൂർത്തിയായി വരുന്നതായും സംരക്ഷണഭിത്തി പൂർത്തിയാക്കാൻ കിഫ്ബി ഫണ്ട് പര്യാപ്തമല്ലെന്നും പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ട്, പിടിഎ ഫണ്ട് മുതലായ ഇതര സ്രോതസ്സുകളിൽ നിന്ന് ആവശ്യമായ തുക സമാഹരിച്ച് സംരക്ഷണ ഭിത്തി പൂർത്തീകരിക്കാനുള്ള ഉദ്യമത്തിന്റെ ആവശ്യകതയെ കുറിച്ച് പദ്ധതി അവലോകന യോഗത്തിൽ , ബഹു : MLA -യെ അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ